പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നവരുടെ ഉന്നമനത്തിന് പദ്ധതി

77 [1677] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഏറ്റവും പിന്നോക്കം നില്ക്കുന്നവരുടെ സാമ്പത്തിക സാമൂഹിക ഉന്നമനത്തിനായി സർക്കാർ എന്തെങ്കിലും പദ്ധതി തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനുവേണ്ടി സർവ്വേ നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി, സി) നിലവിലുള്ള സാമൂഹ്യ-സാമ്പത്തിക പദ്ധതികൾ കൂടാതെ സംസ്ഥാന സർക്കാരിന്റെ പതിനഞ്ചിന പരിപാടിയിൽപ്പെടുത്തി പട്ടികജാതി വിഭാഗത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന കരിംപാലൻ, മാവിലൻ, നായാടി, വേടൻ എന്നീ വിഭാഗക്കാരുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി ഒരു പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. ഇതിനായുള്ള സാമൂഹ്യ സാമ്പത്തിക സർവ്വേ നടന്നുവരുന്നു.

പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന തൊഴിൽദാന പദ്ധതി

78 [1678] ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ്-പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂപവൽക്കരിച്ച പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്ന തൊഴിൽദാന പദ്ധതിക്ക് എന്തു തുക ചെലവു വരുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്ന് എന്തു തുക ലഭിച്ചിട്ടുണ്ട്;

(സി) ഹഡ്കോ ഇതിനായി എന്തു തുക സഹായം നൽകുന്നുണ്ട്;

(ഡി) ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയാണെന്നും ഇതര ധനകാര്യ സ്ഥാപനത്തിൽ നിന്നും എന്തു തുക ലഭിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ഇ) കേരളത്തിൽ ഇപ്പോൾ എത്ര പിന്നോക്ക സമുദായങ്ങൾ ഉണ്ട്;

(എഫ്) മൊത്തം എത്ര പിന്നോക്കക്കാർ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly